LIBRARY ARCHIVES Kerala Legislative Assembly

റോഡപകടങ്ങൾ

326 (330) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷത്തിനിടെ എത്ര റോഡ് അപകടങ്ങളുണ്ടായി എന്നും എത്ര മരണങ്ങൾ സംഭവിച്ചു എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാവുന്നതും മരണം സംഭവിക്കുന്നതും ഇരുചക്ര വാഹന അപകടങ്ങളിലാണെന്നതും മരണപ്പെടുന്നത് 18-നും 25-നും ഇടയിൽ പ്രായമുള്ളവരാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇരുചക്ര വാഹനങ്ങൾക്ക് വേഗപരിധി നിർബന്ധമാക്കിക്കൊണ്ട് സ്പീഡ് ഗവർണർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി വച്ചിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ്സ്

327 (331) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്നതിനായി പരിചയ സമ്പന്നരല്ലാത്ത ഡ്രൈവർമാരെയും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങളും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്കൂൾ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് മതിയായ പരിശീലനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിലെ ഓവർ ലോഡിംഗ് നിയന്ത്രിക്കുന്നതിനും വാഹനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശീലനം നൽകിവരുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

നാട്ടിക മണ്ഡലത്തിലെ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

328 (332) ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഷെഡ്യൂളുകൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ;

(ബി) ഇതിൽ നിർത്തലാക്കിയ സർവ്വീസുകൾ ഏതെല്ലാമാണ് ; അവ നിർത്തലാക്കിയത് എന്നുമുതലാണ് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയതിന്റെ കാരണങ്ങൾ അറിയിക്കുമോ ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ സർവ്വീസ് നടത്തുന്ന ഷെഡ്യൂളുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) നാട്ടിക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന 78 ഷെഡ്യൂളുകളുടെ ഡിപ്പോതല എണ്ണം ചുവടെ ചേർക്കുന്നു. കൊടുങ്ങല്ലൂർ - 13, ഇരിങ്ങാലക്കുട - 10, മാള - 2, മലപ്പുറം - 2, മണ്ണാർക്കാട് - 1, ചിറ്റൂർ - 2, പൊന്നാനി - 6, തൃശ്ശൂർ - 13, ഗുരുവായൂർ - 29.

(ബി) കൊടുങ്ങല്ലൂർ ഡിപ്പോയിലെ 6.00 മണി മുനക്കൽ ബീച്ച് ഷെഡ്യൂളിന്റെ സ്നേഹതീരം ടിപ്പ്, ഇരിങ്ങാലക്കുട ഡിപ്പോയുടെ 6.40 ഗുരുവായൂർ, ചാലക്കുടി ഡിപ്പോയുടെ 6.20 പെരിഞ്ഞനം, ഗുരുവായൂർ ഡിപ്പോയുടെ 5.10 എറണാകുളം, 5.40 എറണാകുളം, 6.40 എറണാകുളം, 10.10 എറണാകുളം, 6.30 വാഴാനി ഡാം പൊന്നാനി ഡിപ്പോയുടെ 5.35 എറണാകുളം ജെട്ടി, 12.20 എറണാകുളം ജെട്ടി എന്നീ ഷെഡ്യൂളുകൾ താൽക്കാലികമായി ഓപ്പറേറ്റ് ചെയ്യുന്നില്ല.

(സി) ബസ്സുകളുടെ ലഭ്യതക്കുറവും വരുമാനക്കുറവും മൂലമാണ് ടി സർവ്വീസുകൾ താൽക്കാലികമായി നിർത്തലാക്കിയിരിക്കുന്നത്.

(ഡി) നിലവിൽ കൊടുങ്ങല്ലൂരിൽ നിന്ന് 9, മാളയിൽ നിന്ന് 2, നിലമ്പൂരിൽ നിന്ന് 2, മലപ്പുറത്ത് നിന്ന് 2, മണ്ണാർക്കാട് നിന്ന് 1, ചിറ്റൂരിൽ നിന്ന് 2, പൊന്നാനിയിൽ നിന്ന് 6, തൃശ്ശൂരിൽ നിന്ന് 5, ഗുരുവായൂരിൽ നിന്ന് 23 അടക്കം 64 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.